ഹൈടെക് രീതിയിലുള്ള കൃഷി

16 (*706) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഹൈടെക് കൃഷി പദ്ധതിയിലൂടെ ഏതെങ്കിലും കാർഷിക ഉല്പന്നങ്ങളുടെ കാര്യത്തിൽ പതിന്മടങ്ങ് ഉല്പാദനം ഉണ്ടാക്കുവാൻ സാധ്യമായിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഹൈടെക് കൃഷി പദ്ധതി നടപ്പാക്കുന്നതിൽ ശുഷ്കാന്തി കാണിക്കുവാൻ തയ്യാറാവുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്.

ഹൈടെക് കൃഷി പദ്ധതിയിലൂടെ പ്രധാനമായും സലാഡ് വെള്ളരി, വള്ളിപ്പയർ, തക്കാളി, ക്യാപ്സിക്കം തുടങ്ങിയ പച്ചക്കറികളും ജെർബറ, കാർണേഷൻ, റോസ്, അലങ്കാര ഇലച്ചെടികൾ തുടങ്ങിയ പുഷ്പ വിളകളുമാണ് പോളീഹൗസുകളിൽ കൃഷി ചെയ്തുവരുന്നത്. ഒരു വിളയിൽനിന്ന് മൂന്നുമുതൽ 10 മടങ്ങ് വരെ അധിക വരുമാനം ലഭിക്കുന്നു. നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പോളീഹൗസുകളിൽ ചതുരശ്ര മീറ്ററിന് ശരാശരി 10.25 കിലോഗ്രാം വിളവ് ലഭിക്കുന്നതായി കാണുന്നു. ഇത് തുറസ്സായ സ്ഥലത്തെ ഉത്പാദനത്തെക്കാളും പലമടങ്ങ് കൂടുതലാണ്.

സംസ്ഥാനത്തൊട്ടാകെ 325 ഏക്കറോളം സ്ഥലത്തെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഹൈടെക് കൃഷിയുടെ ഭാഗമായി പ്രിസിഷൻ കൃഷിരീതികൾ നടപ്പിലാക്കിവരുന്നു. ഇതിലൂടെ 3 സീസണിൽ കൃഷി നടത്തുവാനും ഉത്പാദനം ഇരട്ടിയിലധികം വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷിയിലൂടെ ഒരു ഏക്കർ സ്ഥലത്തെ പാവലിന്റെ വിളവ് 8 ടണ്ണിൽനിന്നും 16-22 ടൺ വരെ വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. തക്കാളിയുടെ വിളവ് 12 ടണ്ണിൽനിന്നും 40-50 ടൺ വരെ വർദ്ധിപ്പിക്കുവാൻ സാധിക്കുന്നു.

(ബി) ഹൈടെക് കൃഷി പദ്ധതി വിജയകരമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly